27-10-2026

Personal Explanation

വ്യക്തിപരമായ വിശദീകരണം

ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇന്ന് രാവിലെ ശ്രീ. എ. സി. മൊയ്തീൻ സഭയിൽ അവതരിപ്പിച്ച നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്റെ ചർച്ചാവേളയിൽ, ഇന്ന് നാല് മണിക്ക് മുൻപായി ചേരാനല്ലൂർ സംഭവവുമായി ബന്ധപ്പെട്ട കാര്യത്തിൽ നടപടിയുണ്ടാകുമെന്ന് ഞാൻ ഈ സഭയ്ക്ക് ഉറപ്പ് നൽകിയിരുന്നു. ലാ ആൻഡ് ഓർഡറിന്റെ ചുമതലയുള്ള എ.ഡി.ജി.പി. ശ്രീ. പി. വിജയൻ ഐ.പി.എസ്. രാവിലെ അവിടെ പോയി, ആ കുടുംബവുമായി സംസാരിക്കുകയും സംഭവസ്ഥലം സന്ദർശിക്കുകയും വിവരങ്ങൾ മനസ്സിലാക്കുകയും ചെയ്തു. അതിനുശേഷം അദ്ദേഹം ഒരു ഹ്രസ്വമായ റിപ്പോർട്ട് ഡി.ജി.പി.-ക്ക് അയച്ചു. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സി.ഐ. ശ്യാംകുമാർ കെ. എസ്., എസ്.എച്ച്.ഒ. വിശ്വജിത്ത് വി.എസ്., ഗ്രേഡ് എസ്.ഐ. മനോജ് കെ.ടി., സി.പി.ഒ. അരുൺ ജോഷി എന്നിവരെ സസ്പെൻഡ് ചെയ്യാൻ തീരുമാനമായിട്ടുണ്ട്.

രണ്ടാമത്തെ കാര്യം, ജാമ്യം ലഭിച്ചതിനെതിരെ മേൽക്കോടതിയെ

സമീപിക്കുക എന്നതാണ്; അതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. ഇനി മേൽക്കോടതി അക്കാര്യത്തിൽ തീരുമാനമെടുക്കണം.

മൂന്നാമത്തെ കാര്യം, ഈ കുട്ടിയുടെ പിതാവ് ഒരു ജഡ്ജിയാണ്. വാഹനം അദ്ദേഹത്തിന്റെ പേരിലായതുകൊണ്ട്, അദ്ദേഹത്തിന്റെ പേരിൽ കേസെടുത്ത്, പോലീസ് കേസെടുത്ത വിവരം ബഹുമാനപ്പെട്ട കേരള ഹൈക്കോടതി രജിസ്ട്രാറെ അറിയിച്ചിട്ടുണ്ട്. ഈ രണ്ട് കാര്യങ്ങളിൽ നടപടിയെടുക്കേണ്ടത് കോടതിയാണ്. പൊലീസ് സ്വീകരിക്കേണ്ട നടപടികൾ ഞാൻ പറഞ്ഞതുപോലെ നാല് മണിക്ക് മുമ്പ് എടുത്തുകഴിഞ്ഞിട്ടുണ്ടെന്ന് സഭയെ അറിയിക്കുന്നു.